STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.320/PR/SPMC/PHQ/2025 Date:11.10.2025

# പൊതുജന വിശ്വാസം ഉറപ്പാക്കി പൊലീസ് പ്രവർത്തിക്കണം: മുഖ്യമന്ത്രി

കുറ്റകൃത്യങ്ങൾ തടയുക മാത്രമല്ല ആപത്ഘട്ടങ്ങളിൽ ജനങ്ങളോടൊപ്പം നിന്ന് അവരുടെ വിശ്വാസം നേടിയെടുത്തുകൊണ്ട് പ്രവർത്തിക്കാൻ പൊലീസിന് കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇത്തരത്തിലുള്ള സോഷ്യൽ പൊലീസിങ്ങാണ് കേരള പൊലീസ് നടത്തിവരുന്നത്. അത് കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകാൻ പുതുതായി സേനയിലേക്ക് വരുന്നവർക്ക് കഴിയണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കേരള പൊലിസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 104 പൊലീസ് സബ് ഇൻസ്പെക്ടർമാരുടെ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഏത് ആപത്ഘട്ടങ്ങളിലും ജനങ്ങൾ ആദ്യം വിളിക്കുക പൊലീസിനയാണ്. ആ വിശ്വാസം കാത്തുസൂക്ഷിക്കാൻ പുതുതലമുറയ്ക്ക് ആകണം. കേരളത്തെ ഒരു മതനിരപേക്ഷ സമൂഹമായി നിലനിറുത്തുന്നതിൽ പൊലീസിന്റെ പങ്ക് വലുതാണ്. വർഗീയതയും ലഹരിയുടെ വിപത്തും ഉൻമൂലനം ചെയ്യപ്പെടണം.

സൈദ ഒ.എം നയിച്ച പരേഡിന്റെ സെക്കൻഡ് ഇൻ കമാൻഡ് ശ്രീഹരി എം ആയിരുന്നു. ചടങ്ങിൽ പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് മുഖ്യമന്ത്രി പുരസ്കാരം വിതരണം ചെയ്തു. ഓൾ

റൗണ്ടർ, മികച്ച ഇൻഡോർ കേഡറ്റായി സൈദ ഒ.എമ്മും മികച്ച ഔട്ട്ഡോർ കേഡറ്റായി ശ്രീഹരി എം തിരഞ്ഞെടുക്കപ്പെട്ടു. ബിനോയ് ബേബിയാണ് മികച്ച ഷൂട്ടർ.

2024 സെപ്റ്റംബർ 18ന് ആരംഭിച്ച ഒരുവർഷക്കാലത്തെ അടിസ്ഥാന പരിശീലനത്തിന്റെ ഭാഗമായി ഇവർ ഔട്ട്ഡോർ വിഭാഗത്തിൽ പരേഡ്, ശാരീരികക്ഷമത പരിശീലനം എന്നിവയ്ക്ക് പുറമേ ഷീൽഡ് & ലാത്തി ഡ്രിൽ, വൺ മിനിറ്റ് ഡ്രിൽ, സെറിമോണിയൽ ഡ്രിൽ, സ്വോർഡ് ഡ്രിൽ, കെയിൻ ഡ്രിൽ, മോബ് ഓപ്പറേഷൻ, ഒബ്സ്റ്റക്കിൾ കോഴ്സ്, ഫീൽഡ് ക്രാഫ്റ്റ് & മാപ്പ് റീഡിംഗ്, ബോംബ് ഡിറ്റക്ഷൻ & ഡിസ്പോസൽ, കരാട്ടേ, യോഗ, നീന്തൽ, ഡ്രൈവിംഗ് എന്നിവയിലും വിദഗ്ദ്ധ പരിശീലനം നേടിയിട്ടുണ്ട്. കൂടാതെ SOG യുടെ കീഴിൽ കമാന്റോ ട്രെയിനിംഗ്, ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ്, കോസ്റ്റൽ സെക്യൂരിറ്റി ട്രെയിനിംഗ് എന്നിവയിലും അത്യാധുനിക ആയുധങ്ങളായ എ.കെ 47, താർ, ഇൻസാസ്, എസ്.എൽ.ആർ, എൽ.എം.ജി, ഗ്ലോക്ക് പിസ്റ്റൾ, 9 എം.എം പിസ്റ്റൾ, കാർബൈൻ എന്നിവയിൽ ഫയറിംഗ് പരിശീലനവും നൽകിയിട്ടുണ്ട്.

ഇൻഡോർ വിഭാഗത്തിൽ ഇന്ത്യൻ ഭരണഘടന, ഭാരതീയ ന്യായ സൻഹിത, ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, ഭാരതീയ സാക്ഷ്യ അധിനിയം, ഇന്ത്യൻ ശിക്ഷാ നിയമം, ക്രിമിനൽ നടപടി ക്രമം, തെളിവ് നിയമം, മറ്റ് നിയമങ്ങൾ, പോലീസ് സ്റ്റേഷൻ മാനേജ്മെന്റ്, ട്രാഫിക്ക് മാനേജ്മെന്റ്, കേസന്വേഷണം, വി.ഐ.പി ബന്തവസ്സ്, ഇന്റേണൽ സെക്യൂരിറ്റി, ഡിസാസ്റ്റർ മാനേജ്മെന്റ്, ഫോറൻസിക് സയൻസ്, Artificial Intelligence in Policing, ഫോറൻസിക് മെഡിസിൻ, കംമ്പ്യൂട്ടർ, സൈബർ കുറ്റകൃത്യങ്ങൾ, ക്രിമിനോളജി, പീനോളജി, വിക്ടിമോളജി, സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ജെൻഡർ ന്യൂട്രൽസ് തുടങ്ങിയവരോടുള്ള പെരുമാറ്റം, പരിസ്ഥിതിക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയൽ, ഫസ്റ്റ് എയ്ഡ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സ് റൂം പരിശീലനവും ലഭ്യമായിട്ടുണ്ട്.

കൂടാതെ കേരളം സമീപ കാലത്ത് നേരിട്ട പ്രളയക്കെടുതികൾ പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് വേണ്ടി ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന വിഷയത്തിൽ ഇവർക്ക് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിലെ വിദഗ്ദ്ധർ പ്രായോഗിക പരിശീലനവും നൽകിയിട്ടുണ്ട്.

കോസ്റ്റൽ സെക്യൂരിറ്റി പ്രായോഗിക പരിശീലനം കൊച്ചി നേവൽ ബേസിലും ഫോർട്ട് കൊച്ചി തീരദേശ പോലീസ് സ്റ്റേഷനിലും ഫോറൻസിക് മെഡിസിൻ പ്രായോഗിക പരിശീലനം തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലും ലഭ്യമാക്കിയിട്ടുള്ളതാണ്. അരീക്കോട് SOG ക്യാമ്പിൽ 15 ദിവസത്തെ ഭീകര വിരുദ്ധ പരിശീലനവും ഇടുക്കിയിലെ കുട്ടിക്കാനത്ത് 5 ദിവസത്തെ ഹൈ ആൾട്ടിറ്റ്യൂഡ് പരിശീലനവും നൽകി.

സർക്കാർ വിഭാവനം ചെയ്യുന്ന തരത്തിലുള്ള നവകേരള സൃഷ്ടിക്കായി പോലീസിന്റെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തുന്നതിനും പോലീസിന്റെ ആപ്തവാക്യമായ "മൃദു ഭാവേ ദൃഢ കൃത്യേ" അന്വർത്ഥമാക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പരിശീലനമാണ് പരിശീലന കാലയളവിൽ നൽകിയിട്ടുള്ളത്.

മുൻ ബാച്ചുകളിലേത് പോലെതന്നെ പരിശീലനം പൂർത്തിയാക്കി കേരള പോലീസിന്റെ ഭാഗമാകുന്ന 31 സി ബാച്ചിലും ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള നിരവധി പേരാണുള്ളത്. ഇന്ന് പാസ്ഔട്ടായി സേനയുടെ ഭാഗമാകുന്നവരിൽ 12 ബിരുദാനന്തര ബിരുദധാരികളാണ് ഉള്ളത്. കൂടാതെ മൂന്ന് എം.ബി.എക്കാരും ഒരു എം.ടെക്ക്കാരനും ഒരു എം.സി.എക്കാരനും എം.എസ്.ഡബ്ള്യു യോഗ്യതയുള്ള രണ്ടുപേരും 26 ബി.ടെക്കുകാരും 59 ബിരുദധാരികളും ഉൾപ്പെടുന്നു.

തൃശൂർ എം.എൽ.എ പി. ബാലചന്ദ്രൻ, സംസ്ഥാന പൊലീസ് മേധാവി റവാഡ എ ചന്ദ്ര ശേഖർ, പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി

എസ്.ശ്രീജിത്ത്, ഐ.ജി.യും കേരള പൊലീസ് അക്കാദമി ഡയറക്ടറുമായ കെ. സേതുരാമൻ, തൃശൂർ റെയ്ഞ്ച് ഡി.ഐ.ജി ഹരി ശങ്കർ, മറ്റ് ഉന്നത പൊലീസുദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പരിശീലനാർത്ഥികളുടെ ബന്ധുക്കൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

**********************